**File No.TCPCTP/2465/2019-D1**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കോഴിക്കോട് ജില്ല- കുത്താളി ഗ്രാമപഞ്ചായത്ത് കുത്താളി വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കുത്താളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8/8/2019 ലെ എ 1-1832/2019 നമ്പർ കത്ത്.

2. കോഴിക്കോട് ടൗൺ പ്ലാനറുടെ 15/10/2019 ലെ TCPKZD/3059/2019-C1 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2465/2019-D1 തീയതി:**02/11/2019**

---

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുത്താളി വില്ലേജിൽ റീ സർവ്വേ നമ്പർ 108/48,49, 109/28,29 – ൽപ്പെട്ട 1635 ച.മീ സ്ഥലത്തു നിന്നും 128.73 ച.മീ സ്ഥലം വേർതിരിച്ച് 243 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് (Canopy area 221 ച.മീ, Sales Building 22 ച.മീ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മൊയ്തു, ഇബ്രാഹിം, നാസർ, പുതുശ്ശേരി ഹൗസ്, കോഴിക്കോട് -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. കെ.പി.ബി.ആർ. 2011 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, തരം, അതിരുകൾ, വിസ്തീർണ്ണം റീ സർവ്വെ നമ്പർ എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. 2011 ചട്ടം 61 (6) പ്രകാരം അഗ്നിശമന സേന ഡയറക്ടറിൽ നിന്നോ, അല്ലെങ്കിൽ അതിനായി അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ്, നിർമ്മാണ പെർമിറ്റ് നൽകുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്.
3. കെ.പി.ബി.ആർ. 2011 ചട്ടം 61 (16) പ്രകാരം ദ്രവ മാലിന്യ സംസ്കരണശാലയ്ക്ക് പ്രത്യേകം വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.
4. കെ.പി.ബി.ആർ. 2011 ചട്ടം 61 (17) പ്രകാരം മലിന ജല ശുദ്ധീകരണം വഴിയുള്ള പുനരുത്പാദനത്തിന് പ്രത്യേക വ്യവസ്ഥ ഏർപ്പെടുത്തേണ്ടതാണ്.
5. ഡിസ്പെൻസിങ് യൂണിറ്റിന് drain അതിർത്തിയിൽ നിന്നും 7.5. മീ. സെറ്റ് ബാക്ക് ഉണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. PWD-യിൽ നിന്നും ജില്ലാ കളക്ടറിൽ നിന്നും NOC ലഭിച്ചതിനുശേഷമേ നിർമ്മാണാനുമതി നൽകാവൂ.

**File No.TCPCTP/2465/2019-D1**

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 127/2019 ഇതോടൊപ്പം അയക്കുന്നു.</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
കുത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പകർപ്പ്:-

1. ശ്രീ. മൊയ്തു, ഇബ്രാഹിം, നാസർ, പുതുശ്ശേരി ഹൗസ്, Kadiyangad. P.O, കോഴിക്കോട്
2. ടൗൺ പ്ലാനർ, കോഴിക്കോട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം